പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 644 — 30.06.2016 ന് മറുപടിയ്ക്ക്.

*വാഴക്കാട് ഐ.ടി.ഐ.*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ? | (എ) & (ബി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ വാഴക്കാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ജി.ഒ (എം.എസ്) നമ്പർ 89/15/തൊഴിൽ തീയതി 21.07.2015 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു) |

സെക്ഷൻ ഓഫീസർ

179

കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - മലപ്പുറം - കൊണ്ടോട്ടി നിയോജകമണ്ഡലം - വാഴക്കാട് ഗ്രാമപഞ്ചായത്ത് - ഗവ. ഐ.ടി.ഐ. ആരംഭിക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (കയ്യെഴുത്ത്) നം. 89/2015/തൊഴിൽ

തിരുവനന്തപുരം, തീയതി 21.7.2015

---

പരാമർശം - 1. ട്രെയിനിംഗ് ഡയറക്ടറുടെ 8.4.2015 ലെ ഐ 4/8726/14 നമ്പർ കത്ത്.

2. കൊണ്ടോട്ടി എം.എൽ.എ. ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി അവർകളുടെ 1.7.2015 ലെ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലം വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ഒരു ഗവ. ഐ.ടി.ഐ. ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് സൂചന 2 പ്രകാരം കൊണ്ടോട്ടി എം.എൽ.എ. ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി സമർപ്പിച്ച കത്ത്, സൂചന 1ലെ ട്രെയിനിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. ടി ഐ.ടി.ഐ. യ്ക്ക് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കുക.
2. ആവശ്യമായ Budget Allocation/തസ്തിക സൃഷ്ടിക്കൽ എന്നിവയ്ക്കായി ട്രെയിനിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എം. അജയ മോഹൻ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.